പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 708 | 16.07.2012-ൽ മറുപടിയ്ക്ക് |

ശബരിമലയിലേയ്ക്കുള്ള പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണികളും നവീകരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം;<br>പ്രൊഫ. സി. രവീന്ദ്രനാഥ്;<br>ശ്രീ.വി. ശിവൻകുട്ടി;<br>ശ്രീ.ആർ. രാജേഷ്; | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
| (എ) ശബരിമലയിലേയ്ക്കുള്ള പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണികളും നവീകരണവും സമയബന്ധിതമായി നടപ്പാക്കാതിരുന്നതിനാൽ കഴിഞ്ഞ സീസണിൽ ഭക്ത ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കഴിഞ്ഞ സീസൺ തുടങ്ങുന്നതിനു മുമ്പായി ശബരിമലയിലേയ്ക്കുള്ള എല്ലാ പ്രധാന റോഡുകളുടേയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തന്നെ പൂർത്തിയാക്കിയതിനാൽ ഭക്ത ജനങ്ങൾ സംതൃപ്തരായിരുന്നു. ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിനെ പ്രശംസിക്കുകയുണ്ടായി. |
| (ബി) മണ്ണാറകുളഞ്ഞി - ചാലക്കയം, കണമല - ഇലവുങ്കൽ റോഡുകളുടെ ഉപരിതലം റബ്ബറൈസ് ചെയ്തു നിർമ്മിക്കുന്നതിന് കഴിഞ്ഞ സീസൺ കാലത്ത് തീരുമാനം ഉണ്ടായിട്ടും ഇതുവരെ നടപ്പാക്കപ്പെട്ടിട്ടില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ ; | (ബി) മണ്ണാറകുളഞ്ഞി - ചാലക്കയം, കണമല - ഇലവുങ്കൽ റോഡുകളുടെ ഹെവി മെയിന്റനൻസ് പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ കൊടുത്തു കഴിഞ്ഞു. പണികൾ കനത്ത മഴ കഴിഞ്ഞാൽ ഉടൻ തന്നെ തുടങ്ങുന്നതാണ്. |
| (സി) ഈ വർഷത്തെ ശബരിമല തീർത്ഥാടന സീസണിനു മുമ്പ് തന്നെ ശബരിമല പാതകൾ ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുമോ ? | ഈ വർഷത്തെ ശബരിമല സീസണിനു മുമ്പ് തന്നെ അറ്റകുറ്റപ്പണികൾ തീർത്ത് ശബരിമല പാതകൾ ഗതാഗതയോഗ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ